# മന്നംസമാധിദിനാചരണം ദേശീയതലത്തിലേക്ക്

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ 53-ാമത് ചരമവാർഷികം 2023 ഫെബ്രുവരി 25 ശനിയാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ ആചരിച്ചു.

മന്നംസമാധിമണ്ഡപം കേന്ദ്രീകരിച്ചാണ് കഴിഞ്ഞ കാലങ്ങളിൽ സമാധിദിനാചരണം നടത്തിവന്നിരുന്നത്. കോവിഡ് മഹാമാരിയുടെ കാലത്ത് രണ്ടുതവണ, നിബന്ധനകൾ പാലിച്ചുകൊണ്ട്, സംസ്ഥാനവ്യാപകമായി കരയോഗതലത്തിലും താലൂക്കുയൂണിയൻതലത്തിലും എൻ.എസ്.എസ്. ആസ്ഥാനത്തും സമാധിദിനാചരണം നടത്തേണ്ടിവന്നു. ഇതുവഴി മന്നംസമാധിദിനാചരണം കൂടുതൽ ജനകീയമാക്കാൻ കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ വർഷവും അതേതരത്തിൽ സമാധിദിനാചരണം നടത്തുകയുണ്ടായത്. തന്മൂലം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ആയിരക്കണക്കിന് സമുദായാംഗങ്ങളെയും അഭ്യുദയകാംക്ഷികളെയും ഇത്തവണ പങ്കെടുപ്പിക്കാൻ കഴിഞ്ഞു. ഈ മാതൃക തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്.

നമുക്ക് എന്നും മാർഗ്ഗദർശിയായി അനുഗ്രഹം ചൊരിയുന്ന ആ പുണ്യാത്മാവിന്റെ ആത്മീയചൈതന്യം നിറഞ്ഞുനില്ക്കുന്ന അന്ത്യവിശ്രമസങ്കേതമായ മന്നംസമാധിമണ്ഡപത്തിൽ അന്നേദിവസം ഭക്തിഗാനാലാപനവും, പുഷ്പാർച്ചനയും, ഉപവാസവും, സമൂഹപ്രാർത്ഥനയും പതിവുപോലെ നടന്നു. രാവിലെ 6 മണി മുതൽ സമുദായാചാര്യൻ ഇഹലോകവാസം വെടിഞ്ഞ 11.45 വരെ നടന്ന പ്രസ്തുത ചടങ്ങിൽ സമീപകരയോഗങ്ങളിലെ അംഗങ്ങളും എല്ലാവർഷവും നിർബന്ധമായും പതിവുതെറ്റാതെ എത്തുന്നവരായ ആയിരക്കണക്കിന് സമുദായാംഗങ്ങളും മറ്റ് അഭ്യുദയകാംക്ഷികളും പങ്കെടുത്തു.

മന്നംസമാധിമണ്ഡപത്തിൽ ഭക്തിനിർഭരമായ ചടങ്ങ് നടക്കുമ്പോൾതന്നെ, ഇവിടെ എത്താൻകഴിയാതെവന്ന സമുദായാംഗങ്ങൾ അവരവരുടെ താലൂക്കുയൂണിയനുകളിലും കരയോഗങ്ങളിലും രാവിലെ 6 മണി മുതൽ 11.45 വരെ നടന്ന ചടങ്ങുകളിൽ പങ്കെടുക്കുകയുണ്ടായി. ആ പുണ്യാത്മാവിന്റെ ചിത്രത്തിനു മുന്നിൽ നിലവിളക്കുകൊളുത്തി പുഷ്പാർച്ചന നടത്തി പ്രാർത്ഥനാനിരതരായി ഉപവസിച്ചാണ് അവർ അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിച്ചത്.

നായർ സർവീസ് സൊസൈറ്റിക്ക് രൂപംനല്കിയ വേളയിൽ സമുദായാചാര്യനും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ ആചാര്യസ്മരണയോടെ ചൊല്ലിയും ഏറ്റുചൊല്ലിയും ആണ് താലൂക്ക് യൂണിയനുകളിലും കരയോഗങ്ങളിലും നടത്തിയ ആചരണത്തിന്റെ സമാപനം കുറിച്ചത്.

മന്നംസമാധിമണ്ഡപത്തിൽ ജനറൽ സെക്രട്ടറി ഭക്തിപൂർവം ചൊല്ലിക്കൊടുത്ത 'ഹരേ രാമ'മന്ത്രം മറ്റുള്ളവർ ഏറ്റുചൊല്ലി. എൻ.എസ്.എസ്. രൂപീകരണസമയത്ത് സ്ഥാപകാംഗങ്ങളായ പതിന്നാലുപേർ ചേർന്നെടുത്ത പ്രതിജ്ഞ എൻ.എസ്.എസ്. പ്രസിഡന്റ് ചൊല്ലിക്കൊടുക്കുകയും സമുദായാംഗങ്ങൾ ഏറ്റുചൊല്ലുകയും ചെയ്തു. കർപ്പൂരാരതിയോടെ സമാധിമണ്ഡപത്തിലെ ചടങ്ങുകൾ അവസാനിച്ചു.